# വിപശ്യന പത്രിക

*വിപശ്യന പത്രിക സയാജി ഊ ബാ ഖിൻൻറെ പരമ്പരയ്ക്കനുസരിച്ച്*

**Vol . 8, No.** 7 : ജൂലായ് 2016 — വിപസ്സന റിസർച്ച് ഇൻസ്ററിറ്റ്യൂട്

മലയാളം മാസ പത്രിക — ധമ്മഗിരി, ഇഗത്പുരി – 422 403, മഹാരാഷ്ട്ര

### *ധർമ്മ വാണി*

*കുദരത് കാ കാനൂൻ ഹൈ,*
*ഇസ്സെ ബചാ ന കൊയ്.*
*മൈലെ മൻ വ്യാകുൽ രഹൈ,*
*നിർമൽ സുഖിയാ ഹോയ്.*

പ്രകൃതിനിയമമാണിത്,
ഇതിൽനിന്ന് ആരും രക്ഷപ്പെടുകയില്ല.
മലിനമായ മനസ്സ് വ്യാകുലനായിരിക്കും,
നിർമ്മലമായ മനസ്സ് സുഖമനുഭവിക്കും.

— **എസ. എൻ. ഗോയങ്ക**

# ലോകചക്രവും ധർമ്മചക്രവും.

**എസ. എൻ. ഗോയങ്ക**

25-26 നൂട്ടാണ്ടുകൾക്കു മുമ്പ് ആഷാഡ് പൌർണ്ണമി ദിവസം ഗൌതമ ബുദ്ധൻ ധർമ്മ ചക്ര പ്രവർത്തനം ചെയ്തിരുന്നു. ലോകചക്രത്തിൽ അരഞ്ഞുകൊണ്ടിരുന്ന ജനങ്ങൾ ധർമ്മചക്രത്തിൽ നിന്ന് വഞ്ചിക്കപ്പെട്ടിരുന്നു. ധർമ്മത്തിൻറെ പേരിൽ അധികാംശം നടന്നിരുന്നത് ലോകചക്രം തന്നെ ലോകചക്രമായിരുന്നു. വിവേകരഹിതമായ അനുഷ്ഠാനങ്ങളും, പരമ്പരകളായി വരച്ച വഴികളിൽ കൂടി അന്ധനായ സന്യാസിമാരെ പോലെ നടക്കുന്ന ജനങ്ങൾ ധർമ്മത്തിൻറെ സത്യമായ സ്വരൂപം മറന്നുകുളിച്ചിരുന്നു. യഥാർത്ഥ ജ്ഞാന-ദർശനത്തിൽ നിന്ന് വഞ്ചിക്കപ്പെട്ടിരുന്നു. ആയതിനാൽ പല തരത്തിലുള്ള ദുഖങ്ങളിൽ കുടുങ്ങിക്കിടന്നിരുന്നു.

ലോകത്തിൽ എപ്പോൾ ഒരു വ്യക്തി ബുദ്ധനാകുന്നുവൊ, അവർ യഥാർത്ഥ ജ്ഞാന-ദർശനം തന്നേയാണ് ചെയ്യുന്നത്. പരമാർത്ഥ സത്യം സ്വയം ദർശിക്കുന്നതു തന്നേയാണ് സമ്യക്(ശരിയായ) ബോധി. സകല മിഥ്യാ ദൃഷ്ടികളിൽ നിന്നും, ഭ്രമത്തിൽ നിന്നും, മായാ-മരീചികയിൽ നിന്നും, വഞ്ചനയിൽ നിന്നും പുറത്തു വന്ന് ആര്യ സത്യങ്ങളുടെ സ്വയം സാക്ഷാത്കാരം ചെയ്യുന്നതു തന്നേയാണ് വിമുക്തി. ഒരു വ്യക്തി ഇപ്രകാരം സ്വയം ആര്യ സത്യങ്ങളുടെ സാക്ഷാത്കാരം(ദർശനം) ചെയ്ത് മറ്റുള്ളവർക്കും അതിൻറെ ദർശനം ചെയ്യാനുള്ള മാർഗ്ഗം കാട്ടിക്കൊടുക്കുന്നതിനെ തന്നേയാണ് ധർമ്മ ചക്ര പ്രവർത്തനം ചെയ്യുക എന്ന് പറയുന്നത്.

ഈ ആര്യ സത്യം എന്താണ്? ആര്യ സത്യം പ്രകൃതിയുടെ ആ സത്യങ്ങളാകുന്നു – അവയെ നമ്മൾ അന്തർമുഖിയായി സ്വാനുഭൂതിയുടെ ബലത്തിൽ സ്വയം ദർശിച്ചു മനസ്സിലാക്കിക്കൊണ്ട് ആര്യനായിത്തീരുന്നു, അതായത് പവിത്രമായിത്തീരുന്നു, നിർമ്മല ഹൃദയനായിത്തീരുന്നു. വരൂ നമ്മുക്ക് നോക്കാം – ഏതാണ് ഈ സത്യങ്ങൾ - നമമളെ മിഥ്യാ-വിഭ്രാന്തിയിൽ നിന്ന് അകറ്റി ആര്യനായിത്തീരാൻ സഹായിക്കുന്നവ. ഇത് ജീവിതത്തിലെ, ലോകത്തിലെ സുദൃഢമായ സത്യങ്ങളാണ്. യഥാർത്ഥ സത്യങ്ങൾ, പൊള്ളയായ കൽപ്പനയിൽ നിന്ന് അകന്ന്, നിഷ്പ്രയോജനമായ, നിസ്സാരമായ കുരുക്കുകളിൽ നിന്ന് അകന്ന്. ഈ സത്യങ്ങൾ നാലു പ്രകാരമാണ്.

ഞങ്ങൾ നല്ല പോലെ അറിയുന്നു –

1) ഇത് ദുഖമാണ്.

2) ഇത് ദുഖത്തിൻറെ മൂല കാരണമാണ്.

3) ഇത് ദുഖത്തിൽ നിന്ന് വിമുക്തിയാണ്.

4) ഇത് ദുഖവിമുക്തിയിലേക്കുള്ള മാർഗ്ഗമാണ്.

അന്യ ശബ്ദങ്ങളിൽ വിസ്തരിക്കുകയാണെങ്കിൽ - ഞങ്ങൾ നല്ല പോലെ മനസ്സിലാക്കുന്നു – ഇത് നമ്മുടെ രോഗമാണ്, ഇത് രോഗത്തിൻറെ കാരണമാണ്, ഇത് രോഗത്തിൽനിന്ന് മുക്തിയാണ്, ഇത് രോഗവിമുക്തിയുടെ ഔഷധമാണ്. ഇത് അഴുക്കാണ്, ഇത് അഴുക്കിൻറെ പറ്റിപ്പിടിക്കലാണ്, ഇത് അഴുക്കിൻറെ വിട്ടുകിട്ടലാണ്, ഇത് ആഴുക്ക് വിട്ടുകിട്ടാനുപയോഗിക്കാവുന്ന സോപ്പാണ്. ഇത് തീയാണ്, ഇത് തീപ്പിടിക്കാനുള്ള സാമഗ്രികളാണ്, ഇത് തീക്കെടലാണ്. ഇത് തീക്കെടുത്താനുള്ള ഉപായമാണ്. ഇത് വിഷവൃക്ഷമാണ്, ഇത് വൃക്ഷത്തിൻറെ വേരുകളാണ്, ഇത് വേരുകളുടെ ഉച്ഛേദനമാണ്, ഇത് കോടാലിയാണ്. ഇത് ദുർഭിക്ഷമാണ്, ഇത് ദുർവൃഷ്ടിയാണ്, ഇത് സുഭിക്ഷമാണ്, ഇത് സുവൃഷ്ടിയാണ്. ഇത് ഇക്കരയാണ്, ഇത് നടുവിലുള്ള നദിയാണ്, ഇത് അക്കരയാണ്, ഇത് അക്കരയെത്താനുപയോഗിക്കാവുന്ന തോണിയാണ്. ഇത് കുഫലമാണ്, ഇത് കുബീജം, ഇത് സുഫലമാണ്, ഇത് സുബീജമാണ്. ഇത് ദുർഗതിയാണ്, ഇത് ദുർമ്മാർഗ്ഗം, ഇത് സുഗതിയാണ്, ഇത് സുമാർഗ്ഗം. ഇത് ലോകചക്രമാണ്, ഇത് ലോകചക്രത്തിൻറെ ഗതിയാണ്, ഇത് ആ ഗതിയുടെ അവസാനം, ഇത് ഗതി അവസാനിപ്പിക്കുന്ന ധർമ്മചക്രം.

വാസ്തവത്തിൽ - ലോകചക്രം തന്നേയാണ് ദുഖം, രോഗം, ബന്ധനം, മാലിന്യം, തീ, ഭയം, ദുഷ്ഫലം, ദർഗതി, എന്നാൽ ധർമ്മചക്രം തന്നേയാണ് സുഖം, സ്വസ്ഥത, ശാന്തി, മുക്തി, നിർമലത, യോഗക്ഷേമം, സുഫലം, സുഗതി. നാലു ആര്യസത്യങ്ങളെ ദർശിച്ചു മനസ്സിലാക്കുന്നത് ധർമ്മ ചക്രമാണ്. ദർശിക്കാതിരിക്കുക, മനസ്സിലാക്കാതിരിക്കുക തന്നേയാണ് ലോകചക്രം.

സാധാരണയായി നമ്മൾ ദുഖത്തിൻറെ സത്യസ്വരൂപത്തെ നോക്കി മനസ്സിലാക്കാറില്ല. അതുകൊണ്ട് ഇതിൽ തന്നെ കുരുങ്ങിക്കിടന്ന് ലോകചക്രത്തിൽ അരഞ്ഞുകൊണ്ടേ പോകുന്നു. ജീവിതത്തിലെ കട്ടി-കട്ടിയായ ദുഖത്തെ നമ്മൾ നല്ലപോലെ മനസ്സിലാക്കുന്നു. എന്നാൽ ലോക(സംസാരിക) സുഖങ്ങളിലും ഒളിഞ്ഞിരിക്കുന്ന സൂക്ഷ്മം എന്നാലും തീവ്രമായ ദുഖങ്ങളെ നമ്മൾ എവിടെ മനസ്സിലാക്കുന്നു? ചെറുതും-വലുതുമായ ഇന്ദ്രിയ സുഖം നമ്മളെ ഇപ്രകാരം മോഹിപ്പിക്കുന്നു, ഇതിലും ദുഖം അടങ്ങിയിരിക്കുന്ന കാര്യം നമ്മുക്ക് മനസ്സിലാക്കാനേ കഴിയുന്നില്ല. ഇടക്കും തലക്കും ഉണ്ടാകുന്ന ഈ ബൌതിക സുഖം കാരണം നമ്മൾക്കുള്ളിൽ മോഹങ്ങൾ പൊന്തിക്കൊണ്ടിരിക്കുന്നു, നമ്മുടെ മാനസിക സന്തുലനം നഷ്ടപ്പെട്ടുകൊണ്ടേയിരിക്കുന്നു. ആ ദുഖത്തെ നമ്മൾ കാണുകതന്നേ ചെയ്യുന്നില്ല. പ്രിയമൊ അപ്രിയമൊ ആയ സകല സ്ഥിതികളിലും നമ്മുടെ അകത്തോടകത്ത് ഗഹനമായ അതൃപ്തിയും, അസന്തുഷ്ടതയും അടങ്ങിയിരിക്കാറുണ്ട്. ആ ദുഖത്തെ നമ്മൾ കാണാതെ പോകുന്നു. പ്രാപ്തമായ എല്ലാത്തിൻറേയും സംരക്ഷണത്തിനു വേണ്ടിയും, എന്തെല്ലാം അപ്രാപ്തമാണൊ അതെല്ലാം പ്രാപ്തമാക്കുവാൻ വേണ്ടിയും നമ്മുടെ അന്തർ മനസ്സിൽ നിരന്തരം അസ്വസ്ഥത നില നിൽക്കുന്നു. അതിനെ നമ്മൾ കാണുന്നില്ല. ഇതിനെ കണ്ടു മനസ്സിലാക്കുന്നതു തന്നേയാണ് നമ്മുടെ സത്യമായ രോഗത്തെ തിരിച്ചറിയൽ. ഇതുതന്നേയാണ് ആദ്യത്തെ മംഗളകരമായ സത്യം.

അടുത്ത മംഗളകരമായ സത്യം ഈ ദുഖത്തിൻറെ ശരിയായ കാരണത്തെ അറിഞ്ഞു മനസ്സിലാക്കലാണ്. ജീവിതത്തിൽ വ്യക്തിപരമായ, കുടുമ്പപരമായ, സാമൂഹികമായ, രാഷ്ട്രപ്രരമായ വിഭിന്നമായ ഇച്ഛിക്കാത്ത നംഭവങ്ങൾ, തീവ്ര ദുഖിതനാക്കിത്തീർത്തുകൊണ്ടിരിക്കാറുണ്ട്. ഇത് സത്യമാണ് പക്ഷെ പുറമെ-പുറമെയുള്ള സത്യമാണ്. ഇതുന്നും ഗഹനമായ സത്യം ഇതാണ് – അകത്തോടകത്ത് അറിയാതെ നമ്മൾ നമ്മുടെ മനസ്സിനെ ഒരു ഇത്തരം സ്വഭാവക്കൂട്ടിൽ കുടുക്കിവെച്ചിരിക്കുകയാണ് – എന്തുകൊണ്ട് (മനസ്സ്)അത് സദാ സമയം അപ്രാപ്തത്തെ പ്രാപ്തമാക്കാൻ അത്യാഗ്രഹം പുലർത്തിക്കൊണ്ടേയിരിക്കുന്നു. ഉദ്ദീപ്തമായിരിക്കുന്നു. എന്തുണ്ടൊ അതിൽ സന്തുഷ്ടനല്ല, തൃപ്തനല്ല. എന്തില്ലയൊ അതിനു വേണ്ടി പിടയുന്നു. അതൃപ്തി, അസന്തുഷ്ടതയുടെ ഈ പിടച്ചിൽ തന്നേയാണ് ദുഖം. ഇതറിയുമ്പോൾ ഇതും സ്പഷ്ടമാകുന്നു – സദാ സമയം (ആസക്തി)തൃഷ്ണാസഹിതമായ ഈ അകത്തെ സ്വഭാവം തന്നെയാണ് ദുഖത്തിൻറെ മൂലമായ കാരണം. ഇച്ഛാപൂർത്തിയായാലും തൃഷ്ണ നില നിൽക്കുന്നു. ഒരു ഇച്ഛ പൂർത്തിയാകുമ്പോഴേക്കും അടുത്ത ഇച്ഛയോട് തൃഷ്ണ ജനിക്കുന്നു. ഏതുവരെ തൃഷ്ണ നില നിൽക്കുന്നുവൊ, ആ തൃഷ്ണയോടൊപ്പം ഗഹനമായ ആസക്തി നില നിൽക്കുന്നുവൊ അതു വരെ ദുഖം നില നിൽക്കുകതന്നേ ചെയ്യുന്നു.

ദുഖത്തിൻറെ ശരിയായ മൂല കാരണം അറിയാത്തതുകൊണ്ടാണ് ദുഖ വിമുക്തിയുടെ സകല ശ്രമങ്ങളും വ്യർത്ഥമായി പോകുന്നത്. ഇന്ദ്രിയ സുഖങ്ങളുടെ അഭാവത്തെ ദുഖത്തിൻറെ കാരണമായി കരുതി അതിൻറെ പിറകിൽ ഭ്രാന്തന്മാരെപോലെ ഓടുന്ന വ്യക്തി അധികം ദുഖങ്ങളിൽ പെട്ടുപോകുന്നു. വല്ല സർവ്വ ശക്തിമാനായ അദൃശ്യ പ്രാണിയെ ദുഖത്തിൻറെ കാരണമായിക്കണ്ട് അതിനെ സന്തോഷിപ്പിക്കുന്ന പ്രവർത്തിയിൽ ഏർപ്പെടുന്ന വ്യക്തി ദുഖത്തിൽ തന്നെ

അധികം കുടുങ്ങിപ്പോകുന്നു. ആയതിനാൽ ദുഖത്തിൻറെ യഥാർത്ഥ കാരണം അറിയുന്നതാണ് വാസ്തവമായ മംഗളകരമായ സത്യം.

ഇത് ദുഖമാണ്, ഇത് ദുഖത്തിൻറെ കാരണമാണ്. ഈ രണ്ടു സത്യങ്ങളെ അറിയുന്നത് വളരെ ആവശ്യമാണ്. എന്നാൽ ഇതു അറിയുന്ന ശേഷം നമ്മൾ നിരാശയോടെ ഇരുന്നു പോയാൽ - ഇത് ലോകചക്രമാണ്, ദുഖചക്രം സദാസമയം ഓടിക്കൊണ്ടിരിക്കും. ആർക്കും ഈ ചക്രത്തിൽനിന്ന് രക്ഷപ്പെടാൻ കഴിയില്ല. അങ്ങിനെ ഈ നിരാശ കാരണം സത്യത്തിൽ ദുഖചക്രത്തിൽ പെട്ടുപോകും. ധർമ്മ ചക്രം, ദുഖവും, ദുഖത്തിൻറെ കാരണവും അറിഞ്ഞ്, അതിൽ നിന്ന് വിമുക്തിയിൽ വിശ്വാസം ജനിപ്പിക്കും. എന്തിൻറെ കാരണം കൊണ്ട് ഉത്പത്തിയുണ്ടാകുന്നുവൊ അതിന് പ്രതിവിധിയും ഉണ്ടാകും. കാരണം ദൂരീകരിക്കപ്പെട്ടുമ്പോൾ പരിണാമം താനെ ദൂരീകരിക്കപ്പെടും. ആശയുടെ പരിപൂർണ്ണത നിറഞ്ഞതാണ് ഈ മൂന്നാമത്തെ സത്യം. കാരണത്തിൻറെ ഇല്ലാതാകുന്നതു കൊണ്ട് ദുഖം ദൂരീകരിക്കപ്പെടും.

ഈ സത്യം അറിഞ്ഞതിനു ശേഷം ആ വിമുക്തിയുടെ ശരിയായ മാർഗ്ഗം കണ്ടെത്തിയാൽ നാലാമത്തെ മംഗളകരമായ സത്യം കണ്ടെത്തുന്നു.

മൂന്നാമത്തെ ആശ ജനിപ്പിക്കുന്ന സത്യം – അതിനെ ക്രിയാന്വിതമാക്കുന്ന വിധി കൈപ്പറ്റിയാൽ - എന്താണ് ഈ വിധി? ഈ വിധിയാണ് – ശീലം, സമാധി, പ്രജ്ഞ. അതായത് ശരീരവും, വാണികൊണ്ടും ദുരാചാരം ചെയ്യുന്നതിൽ നിന്ന് രക്ഷപ്പെടുക, മനസ്സിനെ വശത്താക്കുക. മനസ്സിൽ കയറിപ്പിടിച്ച സകല ദൂഷിതമായ വികാരങ്ങളേയും ദൂരീകരിച്ച് മനസ്സിനെ മൈത്രി, കരുണ ആദി സദ്ഗുണങ്ങളാൾ നിറക്കുക. ദുഖ വിമുക്തിയുടെ ഇതു തന്നേയാണ് ശരിയായ മാർഗ്ഗം. നമ്മുടെ സകല രോഗങ്ങൾക്കും ഉള്ള രാമ ബാണമായ(നിസ്സംശയമായ) ഔഷധമാണ്. ഇതു തന്നേയാണ് ആ മാർഗ്ഗം – ഇതു വഴി നടന്ന് നമ്മൾ നമുക്കകത്ത് അടിഞ്ഞു കൂടിയ സകല ദുഖങ്ങളുടെ ജനനി സ്വരൂപമായ തൃഷ്ണാജന്യമായ ആസക്തിയുടെ സമൂല നാശം ചെയ്യാൻ സകലവിധത്തിലും സമർത്ഥരാകും. ഇതു തന്നേയാണ് മംഗളകരമായ നാലാമത്തെ സത്യം.

ഈ നാലു മംഗളകരമായ സത്യങ്ങളെ അറിയുക, ചിന്തിച്ചു മനനം ചെയ്ത് നന്നായി മനസ്സിലാക്കുന്നത് നല്ലതുതന്നെ. കാരണം, അറിയുക, മനസ്സിലാക്കുക തന്നല്ലെ ആദ്യത്തെ ചുവടുവയ്പ്പ്. പക്ഷെ ബുദ്ധിയുടെ തലത്തിൽ അറിഞ്ഞു മനസ്സിലാക്കിയതിനെ മാത്രം നമ്മൾ എല്ലാം-എല്ലാം എന്ന് കരുതിയാൽ മറ്റൊരു ഭ്രാന്തിൻറെ ഇരയായി പെട്ടുപോകും. ഇതുകൊണ്ട് ഒരു ലാഭവും ലഭിക്കുകയില്ല. അറിഞ്ഞും, മനസ്സിലാക്കിയും അതിനെ ക്രിയാന്വിതമാക്കുന്നതെ നമ്മുടെ മംഗളം സാധിച്ചെടുക്കലാകൂ. രോഗം മനസ്സിലാക്കി, അതിനെ ദൂരീകരിക്കേണ്ട ഔഷധവും മനസ്സിലാക്കി. പക്ഷെ ആ ഔഷധം സേവിച്ചില്ലെങ്കിൽ സകല അറിവും നിരർത്ഥകമാകും.

ആയതിനാൽ നാലു ആര്യ സത്യങ്ങളുടെ ശരിയായ സാക്ഷാത്കാരം ബുദ്ധിവിലാസത്തിൻറെ കുരുക്കിന്ന് പുറത്തു വന്നവരെ ചെയ്യൂ. അല്ലെങ്കിൽ ലോകചക്രത്തിൽ കുരുങ്ങിക്കിടക്കും. ധർമ്മചക്രത്തിൻറെ ലാഭമെടുക്കാൻ സാധിക്കില്ല. ദുഖത്തെ അറിഞ്ഞ് അതിന്ന് മുക്തമാകുന്നതു തന്നേയാണ് ധർമ്മചക്രം. ദുഖത്തിൻറെ ശരിയായ കാരണത്തെ അറിഞ്ഞ് അതിനെ വേരോടെ പിഴുതു കളയൽ തന്നേയാണ് ധർമ്മചക്രം. ദുഖമില്ലാത്ത സ്ഥിതിയുടെ സത്യം അറിഞ്ഞ് യഥാർത്ഥത്തിൽ ആ സ്ഥിതി പ്രാപ്തമാകുന്നതു തന്നേയാണ് ധർമ്മ ചക്രം. ഇത് മംഗളമൂലമാണ്. ഇതില്ലെങ്കിൽ നമ്മൾ ലോകചക്രം തന്നെ ലോകചക്രത്തിൽ കുരുങ്ങിക്കിടക്കും. ദുഖചക്രം തന്നെ ദുഖചക്രത്തിൽ അരഞ്ഞുകൊണ്ടേ പോകും. നമ്മുടെ സൌഭാഗ്യം എന്നു വേണം കരുതാൻ, നമ്മുക്ക് ഈ കല്യാണകരമായ വിധി പ്രാപ്തമായിരിക്കുന്നു. നമ്മൾ ഇത് അഭ്യസിച്ച് ലോകചക്രത്തിൻറെ ദുഖത്തിൽ നിന്ന് പുറത്തു വന്ന് ധർമ്മ ചക്രത്തിൽ സ്ഥാപിതമായി, നമ്മളുടെ മംഗളം നേടാം, നന്മ നേടാം.